2025 MAY
06
TUESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

### ജസ്റ്റിസ് കെ.വി. വിശ്വനാഥന് 120 കോടിയുടെ നിക്ഷേപം

# ജഡ്ജിമാരുടെ സ്വത്ത് വിവരങ്ങൾ പുറത്തുവിട്ട് സുപ്രീംകോടതി



**ന്യൂഡൽഹി:** ജഡ്ജിമാരുടെ സ്വത്ത് വിവരങ്ങൾ പുറത്തുവിട്ട് സുപ്രീംകോടതി. 33 ജഡ്ജിമാരിൽ ആദ്യഘട്ടത്തിൽ 21 ജഡ്ജിമാരുടെ സ്വത്തുവിവരങ്ങളാണ് പുറത്തുവിട്ടത്. സുപ്രീംകോടതി ചീഫ് ജസ്റ്റീസ് സഞ്ജീവ് ഖന്ന മേയ് 13 ന് വിരമിക്കാനിരിക്കെയാണ് നടപടി.

മുതിർന്ന അഭിഭാഷകനായിരുന്ന കെ.വി. വിശ്വനാഥനാണ് ജഡ്ജിമാരിൽ സമ്പന്നൻ. 120.96 കോടി രൂപയാണ് നിക്ഷേപമാണ് കെ.വി. വിശ്വനാഥനുള്ളത്.

2010 മുതൽ 2015 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ നികുതിയിനത്തിൽ സർക്കാരിലേക്ക് അടച്ചത് 91.47 കോടി രൂപയാണ്. ചീഫ് ജസ്റ്റീസ് സഞ്ജീവ് ഖന്നയ്ക്ക് ഒന്നരക്കോടിയുടെ നിക്ഷേപമാണുള്ളത്. ജസ്റ്റീസ് വിനോദ് ചന്ദ്രന് മ്യൂച്ചൽ ഫണ്ടിൽ എട്ട് ലക്ഷം നിക്ഷേപവും ആറ് ഏക്കർ ഭൂമിയുമുണ്ട്.

വനിതാ ജഡ്ജിമാരിൽ ജസ്റ്റീസ് ബേല എം. ത്രിവേദിയുടെ സ്വത്ത് വിവരങ്ങൾ വെബ്സൈറ്റിൽ അപ്ലോഡ് ചെയ്തെങ്കിലും ജസ്റ്റീസ് ബി.വി. നാഗരത്നയുടെ സ്വത്ത് വിവരങ്ങൾ ഇതുവരെയും പ്രസിദ്ധപ്പെടുത്തിയിട്ടില്ല.

ജസ്റ്റീസ് നാഗരത്നയ്ക്ക് പുറമെ ജസ്റ്റീസുമാരായ ജെ.കെ. മഹേശ്വരി, ദീപാങ്കർ ദത്ത, അസനുദ്ദീൻ അമാനുള്ള, മനോജ് മിശ്ര, അരവിന്ദ് കുമാർ, പി.കെ. മിശ്ര, എസ്.സി. ശർമ, പ്രസന്ന ബാലചന്ദ്ര വരാലെ, എ. കോടീശ്വർ സിംഗ്, ആർ. മഹാദേവൻ, ജോയ്മല്യ ബാഗ്ച്ചി എന്നിവരും സ്വത്ത് വിവരങ്ങൾ അപ്ലോഡ് ചെയ്തിട്ടില്ല.

ഹൈക്കോടതി ജഡ്ജിമാരുടെ നിയമന വിവരങ്ങളും സുപ്രീംകോടതി പുറത്തുവിട്ടു. 2022 നവംബർ ഒൻപത് മുതൽ 2025 മെയ് അഞ്ച് വരെയുള്ള നിയമന വിവരങ്ങളാണ് പുറത്തുവിട്ടത്.

ഇക്കാലയാളവിൽ 221 പേരാണ് ഹൈക്കോടതി ജഡ്ജിമാരായി നിയമിക്കപ്പെട്ടത്. ജഡ്ജിമാരുടെ പേരും മതവിഭാഗവും സിറ്റിംഗ് അല്ലെങ്കിൽ വിരമിച്ച ജഡ്ജിമാരുമായുള്ള ബന്ധവും പുറത്തുവിട്ടു. സുപ്രീംകോടതി ഇതാദ്യമായാണ് ജഡ്ജിമാരുടെ നിയമന വിവരങ്ങൾ പുറത്തുവിടുന്നത്.

## യുദ്ധസാഹചര്യങ്ങൾ നേരിടാൻ ജനങ്ങളെ പരിശീലിപ്പിക്കാൻ നിർദേശം നൽകി കേന്ദ്ര ആഭ്യന്തരമന്ത്രാലയം



**ന്യൂഡൽഹി:** ഇന്ത്യ- പാക്കിസ്ഥാൻ സംഘർഷ സാധ്യത കണക്കിലെടുത്ത് സംസ്ഥാനങ്ങൾക്ക് മുന്നറിയിപ്പ് നൽകി കേന്ദ്രസർക്കാർ. വ്യോമാക്രമണ മുന്നറിയിപ്പ് സൈറണുകൾ സ്ഥാപിക്കാനാണ് ചില സംസ്ഥാനങ്ങൾക്ക് കേന്ദ്ര ആഭ്യന്തര മന്ത്രാലയം നൽകിയ നിർദേശം. ആക്രമണം നേരിടാൻ ജനങ്ങൾക്കും വിദ്യാർഥികൾക്കും പരിശീലനം നൽകണമെന്നും കേന്ദ്ര സർക്കാർ നിർദേശമുണ്ട്. ഒഴിപ്പിക്കൽ നടപടികൾക്കായി റിഹേഴ്സലും നടത്തും. ഇതിന്റെ ഭാഗമായി മേയ് 7 ബുധനാഴ്ച മോക്ക് ഡ്രില്ലുകൾ നടത്താൻ കേന്ദ്രം സംസ്ഥാനങ്ങൾക്ക് നിർദേശം നൽകി. 1971ൽ ഇന്ത്യ-പാക്കിസ്ഥാൻ യുദ്ധത്തിനു മുമ്പ് ഇത്തരം കാര്യങ്ങൾ നടത്തിയിരുന്നു.

അതിനിടെ, പാക്കിസ്ഥാനു നൽകിവരുന്ന സാമ്പത്തിക സഹായം നിർത്തലാക്കണമെന്ന് ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിനോട് (എഡിബി) ഇന്ത്യ ആവശ്യപ്പെട്ടു. എഡിബി മേധാവി മസാതോ കംഡയുമായി നേരിട്ട് നടത്തിയ ചർച്ചയിൽ കേന്ദ്ര ധനകാര്യമന്ത്രി നിർമല സീതാരാമനാണ് ഇക്കാര്യം ആവശ്യപ്പെട്ടത്. ഇറ്റലിയിലെ മിലാനിൽ എഡിബിയുടെ 58ാമത് വാർഷികയോഗത്തിൽ പങ്കെടുക്കവെയാണ് ധനമന്ത്രി എഡിബി മേധാവിയോട് ഇക്കാര്യം നേരിട്ട് ആവശ്യപ്പെട്ടത്. 2024ലെ കണക്കുകൾ പ്രകാരം, 53 വായ്പകളും മൂന്ന് ഗ്രാന്റുകളുമടക്കം 9.13 ബില്യൺ ഡോളറാണ് പാക്കിസ്ഥാൻ എഡിബിയിൽ നിന്ന് വാങ്ങിയിട്ടുള്ളത്.

ഇതിനിടെ, ഐക്യരാഷ്ട്ര സംഘടനയുടെ രക്ഷാസമിതി യോഗം ഇന്ത്യ- പാക്കിസ്ഥാൻ വിഷയം ചർച്ച ചെയ്യും. ഇരു രാജ്യങ്ങളും തമ്മിലുള്ള നിലവിലെ സാഹചര്യം വിലയിരുത്തും. പഹൽഗാം ഭീകരാക്രമണത്തിനു പിന്നാലെ ഇന്ത്യ സ്വീകരിക്കുന്ന നടപടികൾ മേഖലയിൽ സമാധാനത്തിനും സ്ഥിരതയ്ക്കും ഭീഷണി ഉയർത്തുന്നുവെന്ന് പാക്കിസ്ഥാൻ രക്ഷാസമിതിയെ അറിയിച്ചിരുന്നു.

## സൈനിക നടപടികളല്ല മാർഗം, ഇന്ത്യ സംയമനം പാലിക്കണമെന്ന് അന്റോണിയോ ഗുട്ടറസ്

**വാഷിങ്ടൺ:** പഹൽഗാം ഭീകരാക്രമണത്തെ ശക്തമായി അപലപിച്ച് ഐക്യരാഷ്ട്ര സംഘടന. സാധാരണക്കാരെ ആക്രമിക്കുന്നത് അംഗീകരിക്കാൻ കഴിയില്ലെന്ന് ഐക്യരാഷ്ട്ര സംഘടന ജനറൽ സെക്രട്ടറി അന്റോണിയോ ഗുട്ടറസ് പറഞ്ഞു. ഇന്ത്യ- പാക്ക് ബന്ധം ഏറ്റവും വഷളായി പോകുന്നത് വേദനയുണ്ടാക്കുന്നു. പ്രശ്നപരിഹാരത്തിന് സൈനിക നടപടികളല്ല മാർഗം. സംഘർഷം ലഘൂകരിക്കാനായുള്ള സഹായത്തിന് ഐക്യരാഷ്ട്ര സഭ തയാറാണ്. ഇരുരാജ്യങ്ങളും പരമാവധി സംയമനം പാലിക്കണമെന്നും അന്റോണിയോ ഗുട്ടറസ് ആവശ്യപ്പെട്ടു. പാക്കിസ്ഥാൻ അനുകൂലമായി നിലപാടെടുക്കുന്ന അന്റോണിയോ ഗുട്ടറസിന്റെ പ്രസ്താവനയെ ഇന്ത്യ തള്ളി. നടപടികളുമായി മുന്നോട്ട് പോകാൻ തന്നെയാണ് തീരുമാനം.



ഐക്യരാഷ്ട്ര സംഘടനയുടെ രക്ഷാസമിതി യോഗം ഇന്ത്യ- പാക്കിസ്ഥാൻ വിഷയം ചർച്ച ചെയ്യാനിരിക്കെയാണ് അന്റോണിയോ ഗുട്ടറസിന്റെ വാക്കുകൾ. ഇരു രാജ്യങ്ങളും തമ്മിലുള്ള നിലവിലെ സാഹചര്യം യോഗം വിലയിരുത്തും. പഹൽഗാം ഭീകരാക്രമണത്തിനു പിന്നാലെ ഇന്ത്യ സ്വീകരിക്കുന്ന നടപടികൾ മേഖലയിൽ സമാധാനത്തിനും സ്ഥിരതയ്ക്കും ഭീഷണി ഉയർത്തുന്നുവെന്ന് പാക്കിസ്ഥാൻ രക്ഷാസമിതിയെ അറിയിച്ചിരുന്നു.

This is an advertisement for information purpose and is not a prospectus announcement.
CREDIT RATING CRISIL BBB-/ STABLE
UP TO DOUBLE RETURNS*
ICL
ICL Fincorp
SECURED, REDEEMABLE NON-CONVERTIBLE DEBENTURES NCD
APPLY NOW
+91 85890 20137
+91 85890 20186
*BASED ON EFFECTIVE YIELD ON CUMULATIVE BASIS UNDER OPTION X, 68 MONTHS, TDS AS APPLICABLE.
ISSUE OPENS ON: APRIL 25, 2025 (FRIDAY)
ISSUE CLOSES ON: MAY 09, 2025 (FRIDAY)*
*The Issue shall remain open for subscription on Working Days from 10:00 a.m. to 5:00 p.m. (Indian Standard Time), during the period indicated above, except that the Issue may close on such earlier date or extended date as may be decided by the Board of Directors of our Company or the Debenture Issue Committee, subject to relevant approvals (subject to a minimum period of two working days and a maximum period of 10 working days from the date of opening of this Issue). In the event of an early closure or extension of the Issue, our Company shall ensure that notice of such early closure or extension is given to the prospective investors through an advertisement in a national daily newspaper and a regional daily newspaper in Tamil Nadu where the registered office is located, with wide circulation on or before such earlier date or extended date of closure. Application Forms for the Issue will be accepted only from 10:00 a.m. to 5:00 p.m. (Indian Standard Time) or such extended time as may be permitted by the Stock Exchange, on Working Days during the Issue Period. On the Issue Closing Date, Application Forms will be accepted only between 10:00 a.m. to 3:00 p.m. and uploaded until 5:00 p.m. (Indian Standard Time) or such extended time as may be permitted by the Stock Exchange.

സൊസൈറ്റി ടുഡേ
SOCIETY TODAY




**വ്യാജ ഉൽപ്പന്നങ്ങൾ നിർമ്മിച്ച് കേരളത്തിൽ വ്യാപകമായി ഓൺലൈനിലൂടെ വിറ്റഴിച്ച ആമസോണിന്റെ പ്രവർത്തനം രാജ്യത്ത് നിരോധിക്കണമെന്നും കളമശ്ശേരി ഗോഡൗൺ അടച്ചുപൂട്ടണമെന്നും ആവശ്യപ്പെട്ട് കളമശ്ശേരി ഗോഡൗണിലേയ്ക്ക് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിംഗ് എറണാകുളം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന സമരം ഏകോപന സമിതി ജില്ലാ വർക്കിംഗ് പ്രസിഡന്റ് ജിമ്മി ചകൃത്ത് ഉദ്ഘാടനം ചെയ്യുന്നു. പ്രദീപ് ജോസ്, വിനോദ് ബേബി, കെ.സി.മുരളീധരൻ,ശ്രീനാഥ് മംഗലത്ത് തുടങ്ങിയവർ സമീപം.**

# യൂത്ത് വിംഗ് ആമസോൺ ഗോഡൗൺ ഉപരോധിച്ചു

**കൊച്ചി :** വ്യാജ ഉൽപ്പന്നങ്ങൾ നിർമ്മിച്ച് കേരളത്തിൽ വ്യാപകമായി ഓൺലൈനിലൂടെ വിറ്റഴിച്ച ആമസോണിന്റെ പ്രവർത്തനം രാജ്യത്ത് നിരോധിക്കണമെന്നും കളമശ്ശേരി ഗോഡൗൺ അടച്ചുപൂട്ടണമെന്നും ആവശ്യപ്പെട്ട് കളമശ്ശേരി ഗോഡൗണിലേയ്ക്ക് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിംഗ് എറണാകുളം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഉപരോധിച്ചു. ജില്ലാ പ്രസിഡന്റ് പ്രദീപ് ജോസ് അദ്ധ്യക്ഷത വഹിച്ച ഉപരോധ സമരം കെ.വി.വി.ഇ.എസ് ജില്ലാ വർക്കിംഗ് പ്രസിഡന്റ് ജിമ്മി ചകൃത്ത് ഉദ്ഘാടനം ചെയ്തു. വ്യാജ ഉൽപ്പന്നം വാങ്ങി വഞ്ചിതരായ മുഴുവൻ ഉപഭോക്തക്കൾക്കും നഷ്ട പരിഹാരം നൽകണമെന്നും, ഓൺലൈൻ കമ്പനികളുടെ വിലക്കുറിലുള്ള പരസ്യങ്ങളിൽ വീണ് വ്യാജ ഉൽപ്പന്നങ്ങൾ വാങ്ങി കേരള സമൂഹം വഞ്ചിതരാകരുതെന്നും ജിമ്മി ചകൃത്ത് പറഞ്ഞു. കെ.വി.വി.ഇ.എസ് ജില്ലാ സെക്രട്ടറി ഷാജഹാൻ അബ്ദുൽഖാദർ മുഖ്യപ്രഭാഷണം നടത്തി. യൂത്ത് വിംഗ് ജനറൽ സെക്രട്ടറി വിനോദ് ബേബി, കളമശേരി നിയോജക മണ്ഡലം പ്രസിഡന്റ് ഏലൂർ ഗോപിനാഥ്,കെ.സി.മുരളീധരൻ, രമേശ് കുമാർ, റോയി തേവര,മഹേഷ് പട്ടേൽ, അബ്ദുൽ ഷുക്കൂർ, വനിതാ വിംഗ് ജില്ലാ ജനറൽ സെക്രട്ടറി സീനാ സജീവ്, അബ്ദുൽഷിഹാർ, ശ്രീനാഥ് മംഗലത്ത്, ബഷീർ കാക്കനാട്, റോജി എം, അനിൽ തോമസ്, സുശീൽ കോത്താരി, രാഹുൽ തൃപ്പൂണിത്തുറ, ടെൻസൻ തേവര, ബിബിൻ ജോസഫ്, ദീപു ജോസഫ്, സീനാ റാഫേൽ, ബിന്ദു കങ്ങരപടി, ബിനു തേവര, അൻസാരി ചേരാനല്ലൂർ, സെൽവരാജ്, ടി.എസ്. ത്വൽഹത്ത്, ഷിബു.സി.ജോൺ തുടങ്ങിയവർ സംസാരിച്ചു.



**ഓൾ ഇന്ത്യ ടൂറിസ്റ്റ് പെർമിറ്റ് പാസഞ്ചർ വാഹനങ്ങൾക്ക് ഇരട്ട നികുതി അംഗീകരിക്കാനാവില്ലെന്ന് എറണാകുളം പ്രസ്സ് ക്ലബ്ബിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ ലക്ഷ്വറി ബസ് ഓണേഴ്സ് അസോസിയേഷൻ സംസ്ഥാന കമ്മിറ്റി ഭാരവാഹികളായ എം.ജെ. ടിറ്റോ,മനീഷ് ശശിധരൻ, എ.ജെ.റിജാസ്, അഭിലാഷ് വിജയകുമാർ എന്നിവർ പ്രഖ്യാപിക്കുന്നു.**

# ഓൾ ഇന്ത്യ ടൂറിസ്റ്റ് പെർമിറ്റ് വാഹനങ്ങളിൽ നിന്ന് ഇരട്ട നികുതി പിരിക്കാൻ വളഞ്ഞ വഴികൾ സ്വീകരിച്ചാൽ അംഗീകരിക്കില്ല അന്തർ സംസ്ഥാന ബസ് ഉടമകൾ

**കൊച്ചി:** രാജ്യത്താകമാനം പൊതുഗതാഗത സംവിധാനം ശക്തിപ്പെടുത്തുന്നിതിന്റെ ഭാഗമായി മുഴുവൻ സംസ്ഥാനങ്ങളുടെയും അംഗീകാരത്തോടെ കേന്ദ്രഗതാഗത മന്ത്രാലയം നടപ്പിലാക്കിയ ഓൾ ഇന്ത്യ പെർമിറ്റ് സംവിധാനത്തിൽ പാസഞ്ചർ വാഹനങ്ങൾക്ക് നിയമവിരുദ്ധമായി സംസ്ഥാനം വീണ്ടും നികുതി ഈടാക്കുന്നതിനെ അംഗീകരിക്കാനാവില്ലെന്ന് ലക്ഷ്വറി ബസ് ഓണേഴ്സ് അസോസിയേഷൻ സംസ്ഥാന സമിതി പറഞ്ഞു. 2023ലാണ് ഏകീകൃത നികുതി സംവിധാനം നടപ്പാക്കി കേന്ദ്രസർക്കാർ ഉത്തരവിറക്കിയത്. എന്നാൽഅധിക നികുതി ഈടാക്കാൻ സാധിക്കുന്ന തരത്തിൽ പരിവാഹൻ സൈറ്റിൽ ഉണ്ടായിരുന്ന സൗകര്യം അസ്സോസിയേഷൻ കേന്ദ്ര ടൂറിസം സഹമന്ത്രി സുരേഷ് ഗോപിയുടെ സ്യ്രദ്ധയിൽ പെടുത്തിയതിനെ തുടർന്ന് ആ സൗകര്യം കേന്ദ്രസർക്കാർ ഏപ്രിൽ 25ന് റദ്ദാക്കുകയും, അധിക നികുതി ഈടാക്കരുതെന്ന് കാണിച്ച് എല്ലാ സംസ്ഥാനങ്ങൾക്കും ഗതാഗത സെക്രട്ടറി സർക്കുലർ അയക്കുകയും ചെയ്തു.

ഇതിനെ മറികടന്ന് അന്യായമായി ഇരട്ട നികുതി പിരിക്കുന്നതിനായി പുതിയ സോഫ്ട് വെയർ സംസ്ഥാന സർക്കാർ നിർമ്മിക്കുമെന്ന് പത്രവർത്ത വന്നിരുന്നു. വരുമാന നഷ്ടമാണ് ഇതിനായി സംസ്ഥാന സർക്കാർ ഉന്നയിക്കുന്നത്. പ്രത്യക്ഷ നികുതി പരിക്കുന്നതിനായി ജി.എസ്.ടി നടപ്പാക്കിയതു പോലെയാണ് നാഷണൽ പെർമിറ്റ് വാഹനങ്ങളുടെ നികുതി ഏകീകരിച്ച് കേന്ദ്ര സർക്കാർ ഈടാക്കി, സംസ്ഥാന വിഹിതം സംസ്ഥാനങ്ങൾക്ക് വീതിച്ച് നൽകുന്നത്. ചരക്ക് വാഹനങ്ങൾ സമാനമായി യാതൊരു തടസവും കൂടാതെ ഇന്ത്യലൊട്ടാകെ സഞ്ചരിക്കുമ്പോൾ, അതേ നിയമ പ്രകാരം രജസ്റ്റർ ചെയ്ത് സർവ്വീസ് നടത്തുന്ന പസഞ്ചർ വാഹനങ്ങൾക്ക് സംസ്ഥാനം പ്രത്യേക നികുതി ഈടാക്കുമെന്ന് പറയുന്നത് ഈ വ്യവസായത്തെ അടച്ചുപൂട്ടലിൽ എത്തിക്കുമെന്ന് ഭാരവാഹികൾ കൊച്ചിയിൽ ന്ടത്തിയ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. യാത്രാ നിരക്ക് ഏകീകരണത്തെ അസ്സോസിയേഷൻ പിന്തുണക്കുമെന്ന് സംസ്ഥാന പ്രസിഡണ്ട് ഏ ജെ റിജാസ് ജനറൽ സെക്രട്ടറി മനീഷ് ശശിധരൻ എന്നിവർ പറഞ്ഞു. ഓൾ ഇന്ത്യ ടൂറിസ്റ്റ് പെർമിറ്റിന് വലിയ വാഹനങ്ങൾക്ക് വർഷത്തിൽ 3 ലക്ഷം രൂപയും അതല്ലെങ്കിൽ ത്രൈമാസം 90,000 രൂപ വീതം പെർമിറ്റ് ഫീസ് അടച്ചാൽ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും തടസ്സങ്ങൾ ഇല്ലാതെ സഞ്ചരിക്കാൻ കഴിയും. ഈ സംവിധാനം കേന്ദ്രസർക്കാർ എല്ലാ സംസ്ഥാന സർക്കാരുകളുമായി വിവിധ തലത്തിൽ ചർച്ച നടത്തി എടുത്ത തീരുമാനമാണ്. 2013മുതൽ സംസ്ഥാനത്തെ മാറിമാറി വന്ന എല്ലാ ഗതാഗത വകുപ്പു മന്ത്രിമാരും ഈ ആലോചന യോഗങ്ങളിൽ പങ്കെടുത്തിട്ടുണ്ട്.

കഴിഞ്ഞ സാമ്പത്തിക വർഷം ഇപ്രകാരം സംസ്ഥനത്തിന് നികുതി വരുമാനം വർദ്ധിക്കുകയാണ് ചെയ്തത്. എന്നിട്ടും നികുതി നഷ്ടം എന്നത് ചില ഉദ്യോഗസ്ഥർ സൃഷ്ടിച്ചെടുക്കുന്നാണെന്നും നേതാക്കൾ പറഞ്ഞു. അടുത്ത ദിവസം തന്നെ ഗതാഗത വകുപ്പ് മന്ത്രിയെ നേരിൽകണ്ട് ബസുടമകളുടെ ആശങ്ക അറിയിക്കുമെന്നും ഭാരവാഹികൾ പറഞ്ഞു. വാർത്താ സമ്മേളനത്തിൽ സംസ്ഥാന ട്രഷറർ എം.ജെ. ടിറ്റോ, സംസ്ഥാന വൈസ് പ്രസിഡന്റ് അഭിലാഷ് വിജയകുമാർ എന്നിവരും പങ്കെടുത്തു.

## ഇന്നത്തെ പരിപാടി

കലൂർ പാവക്കുളം മഹാദേവക്ഷേത്രം : ജൂന അഖാഡ മഹാമണ്ഡലേശ്വർ ആനന്ദവനം ഭാരതി മഹാരാജ് സ്വമിയ്ക്ക് സീകരണം. വൈകിട്ട് 6 ന് തുടർന്ന് സമ്മേളനം. ഉദ്ഘാടനം എസ്.എൻ.ഡി.പി ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ



**കലൂർ പാവക്കുളം ശ്രീമഹാദേവക്ഷേത്രത്തിൽ മെയ് 12 വരെ നടക്കുന്ന പൗർണ്ണമിപ്പൊങ്കാല മഹോൽസവത്തിന് തുടക്കം കുറിച്ച് ക്ഷേത്രം മേൽശാന്തി ഏഴിക്കോട് കൃഷ്ണദാസ് നമ്പൂതിരിയുടെ കാർമ്മികത്വത്തിൽ നടന്ന കലവറനിറക്കൽ ചടങ്ങ്.**

# പാവക്കുളത്ത് പൗർണ്ണമിപ്പൊങ്കാല: കാപ്പുകെട്ടലും കലവറ നിറയ്ക്കലും നടന്നു

**കൊച്ചി:** കലൂർ പാവക്കുളം ശ്രീമഹാദേവക്ഷേത്രത്തിൽ മെയ് 12 വരെ നടക്കുന്ന പൗർണ്ണമിപ്പൊങ്കാല മഹോൽസവത്തിനോടനുബന്ധിച്ചുള്ള കാപ്പുകെട്ടലും കലവറ നിറയ്ക്കലും നടന്നു. ക്ഷേത്രം മേൽശാന്തി ഏഴിക്കോട് കൃഷ്ണദാസ് നമ്പൂതിരി മുഖ്യകാർമ്മികത്വം വഹിച്ചു. പച്ചക്കറിയും പലവ്യഞ്ജനങ്ങളും കയ്യിലേന്തി ഭക്തർ ക്ഷേത്രത്തിന് വലം വച്ചുകൊണ്ട് കലവറ നിറക്കൽ നടന്നു. ഇതിനു ശേഷം പൊങ്കാലക്കു തുടക്കം കുറിച്ചുള്ള കാപ്പു കെട്ടൽ ചടങ്ങ് നടന്നു. ഇന്ന് (06 .05 .25 ) ആറിന് രാവിലെയും വൈകുന്നേരവും അശ്വാരൂഢ മന്ത്രാർച്ചന, വൈകീട്ട് 6 മണിക്ക് പൂജനീയ ജൂന അഖാഡ മഹാമണ്ഡലേശ്വർ ആനന്ദവനം സ്വാമികൾക്ക് പൂർണകുംഭം നൽകി സ്വീകരണം, രാത്രി 7.30 ന് നൃത്തനൃത്യങ്ങൾ.എന്നിവ നടക്കും.

# സാമൂഹികാധിഷ്ഠിത ലഹരി വിമുക്ത സേവനങ്ങൾ ശക്തിപ്പെടുത്തും: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** സാമൂഹികാധിഷ്ഠിത ലഹരി വിമുക്ത സേവനങ്ങൾ ശക്തിപ്പെടുത്തുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കുട്ടികളെ പരിചരിക്കാൻ പ്രത്യേക സംവിധാനം വേണം. കുട്ടികളെ ജീവിതത്തിലേയ്ക്ക് തിരികെയെത്തിക്കാൻ സ്നേഹപൂർണമായ പരിചരണം ഒരുക്കണം. സ്ത്രീകൾക്കും പ്രത്യേകം പരിചരണമൊരുക്കണം. മതിയായ വിദഗ്ധ പരിശീലനം ലഭ്യമാക്കണമെന്നും മന്ത്രി നിർദേശം നൽകി. ഡിഅഡിക്ഷൻ സെന്ററുകളുടെ അവലോകന യോഗത്തിലാണ് മന്ത്രി നർദേശം നൽകിയത്.

എല്ലാ ഡിഅഡിക്ഷൻ സെന്ററുകൾക്കും രജിസ്ട്രേഷൻ നിർബന്ധമാണ്. എല്ലാ കേന്ദ്രങ്ങളിലും അംഗീകൃത യോഗ്യതയുള്ളവരെ മാത്രം ചികിത്സയ്ക്കായി നിയോഗിക്കണം. പരിശീലനം സിദ്ധിച്ചവരാകണം ഡിഅസിക്ഷൺ സെന്ററുകളിൽ പ്രവർത്തിക്കേണ്ടത്. 15 ദിവസത്തിനകം ഒരു കമ്മിറ്റി രൂപീകരിച്ച് റിപ്പോർട്ട് നൽകും. ഈ കമ്മിറ്റി ഇക്കാര്യം പരിശോധിച്ച് എസ്.ഒ.പി. പുറത്തിറക്കുന്നതാണ്. ഇത് കൂടാതെ ഓരോ സ്ഥാപനത്തിനും പ്രത്യേക പ്ലാൻ ഉണ്ടായിരിക്കണം. പൊതുജനങ്ങൾക്ക് ലഭ്യമാക്കാനായി സംസ്ഥാനത്തെ സർക്കാർ സ്വകാര്യ സ്ഥാപനങ്ങളിലെ ഡിഅഡിക്ഷൻ സെന്ററുകളുടെ ഡയറക്ടറി തയ്യാറാക്കും.

സംസ്ഥാനത്ത് സർക്കാർ മേഖലയിൽ മാനസികാരോഗ്യ പരിപാടിയുടെ ഭാഗമായി ബ്ലോക്ക് തലത്തിൽ 306 മാനസികാരോഗ്യ ക്ലിനിക്കുകളിൽ ലഹരി വിമോചന ചികിത്സ ലഭ്യമാണ്. ഇതിന് പുറമെ താലൂക്ക്, ജില്ലാ, ജനറൽ ആശുപത്രികളിലെ സൈക്യാട്രി യൂണിറ്റുകളുടെ ഭാഗമായി ലഹരി വിമോചന ചികിത്സ ലഭ്യമാണ്. ഇത് കൂടാതെ 15 വിമുക്തി ലഹരി വിമോചന കേന്ദ്രങ്ങളും, പ്രധാന മെഡിക്കൽ കോളേജുകൾ കേന്ദ്രീകരിച്ച് ഡിഅഡിക്ഷൻ സെന്ററുകളുമുണ്ട്. പ്രാഥമികാരോഗ്യ തലത്തിലെ എല്ലാ മെഡിക്കൽ ഓഫീസർമാർക്കും മറ്റ് ആരോഗ്യ പ്രവർത്തകർക്കും കാലോചിതമായ ശാസ്ത്രീയ പരിശീലനം നൽകും. താഴെത്തട്ടിലുള്ളവരെ കണ്ടെത്തി ചികിത്സ ഉറപ്പാക്കാൻ ആശാവർക്കർമാർക്കും അങ്കണവാടി പ്രവർത്തകർക്കും സ്കൂൾ കൗൺസിലർമാർക്കും പ്രത്യേക പരിശീലനം നൽകും. ഈ വർഷം ക്ലിനിക്കൽ സൈകോളജിസ്റ്റ് കോഴ്സ് ആരംഭിക്കാൻ നടപടി സ്വീകരിക്കും. ഇന്റേൺഷിപ്പ് പ്രോഗ്രാമും ആരംഭിക്കും. ലഹരി വിമോചന ചികിത്സയെ സംബന്ധിച്ചുള്ള സംശയങ്ങൾക്കും ടെലി കൗൺസലിംഗിനും ടെലിമനസ്സ് ടോൾ ഫ്രീ നമ്പറായ 14416 ന്റെ സേവനം ലഭ്യമാണ്.

ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ജോ. ഡയറക്ടർ, മെന്റൽ ഹെൽത്ത് സ്റ്റേറ്റ് നോഡൽ ഓഫീസർ, പ്രധാന ആശുപത്രികളിലേയും മെഡിക്കൽ കോളേജുകളിലേയും ഡിഅഡിക്ഷൻ കേന്ദ്രങ്ങളിലെ വിദഗ്ധ ഡോക്ടർമാർ, ആശുപത്രി സൂപ്രണ്ടുമാർ എന്നിവർ പങ്കെടുത്തു.




# ഇൻഡോ – ട്രാൻസ്‌വേൾഡ് ചേംബർ ഓഫ് കൊമേഴ്സ് ദി പവർ ഓഫ് ഫാമിലി ബിസിനസ് കോൺക്ലേവ് സംഘടിപ്പിച്ചു

**കോഴിക്കോട്:** ഇൻഡോ - ട്രാൻസ്‌വേൾഡ് ചേംബർ ഓഫ് കൊമേഴ്സിന്റെ നേതൃത്വത്തിൽ ഫാമിലി ബിസിനസ്സിന്റെ മഹത്വവും പ്രാധാന്യവും, ശക്തിയും വിശകലനം ചെയ്യുക എന്ന ഉദ്ദേശത്തിൽ പവർ ഓഫ് ഫാമിലി ബിസിനസ് കോൺക്ലേവ് സംഘടിപ്പിച്ചു. കോഴിക്കോട് കോർപറേഷൻ മേയർ ഡോ. ബീന ഫിലിപ്പ് കോൺക്ലേവ് ഉദ്ഘാടനം ചെയ്തു. മാതൃഭൂമി ചെയർമാൻ & മാനേജിങ് എഡിറ്റർ പി.വി ചന്ദ്രൻ ഐ.ടി.സി.സി ആപ്പ് ലോഞ്ച് ചെയ്തു. റോട്ടറി ഡിസ്ട്രിക്റ്റ് ഗവർണർ ഡോ. സന്തോഷ് ശ്രീധർ, ഐ.ടി.സി.സി ചെയർമാൻ അബ്ദുൽ കരീം എന്നിവർ ചടങ്ങിൽ സംസാരിച്ചു. ഐ.ടി.സി.സി ഡയറക്ടർ സുരേഷ്. കെ സ്വാഗതവും എക്സിക്യൂട്ടീവ് ഡയറക്ടർ രാജേഷ് ശർമ നന്ദിയും പറഞ്ഞു.

സ്വപ്നനഗരിയിലുള്ള കാലിക്കറ്റ് ട്രേഡ് സെന്ററിൽ വെച്ച് നടന്ന കോൺക്ലേവിൽ പവർ ഓഫ് ഫാമിലി ബിസിനസ് എന്ന വിഷയത്തിൽ വളരെ ശ്രദ്ധേയമായ ചർച്ചയും വിശകലനവും ആണ് നടന്നത്. മോഹൻജി, സന്തോഷ്ബാബു, മധു ഭാസ്കരൻ, വി.കെ. മാധവ്മോഹൻ, സഹല പർവീൻ, സി.എസ് ആഷിഖ് എ.എം, അൻവർ സാം, സുരേഷ്. കെ തുടങ്ങിയവർ ക്ലാസുകൾ നയിച്ചു. നിഷാന്ത് തോമസ് ബിസിനസ് പ്ലാൻ അവതരിപ്പിച്ചു.മാറിക്കൊണ്ടിരിക്കുന്ന നമ്മുടെ പുതിയ തലമുറയ്ക്ക് നിലവിലുള്ള ഫാമിലി ബിസിനസ് എങ്ങനെ മുന്നോട്ട് കൊണ്ടുപോകാൻ കഴിയും എന്നതും അതിന് ആവശ്യമായ കാര്യങ്ങളും കൂടാതെ അവർക്ക് ഇതിൽ കൂടുതൽ താല്പര്യം ജനിപ്പിക്കുക എന്നതിലും കൂടിയാണ് ചർച്ചയിൽ എല്ലാ പ്രഭാഷകരും കൂടുതലായും ശ്രദ്ധ ഊന്നിയത്. ഈ പ്രോഗ്രാം ഒരു തുടക്കം മാത്രമാണ്. ഇതിന്റെ ഭാഗമായി യംഗ് ജനറേഷന് എളുപ്പത്തിൽ ബന്ധപ്പെടുവാൻ കഴിയുന്ന തരത്തിൽ മീഡിയ പ്ലാറ്റ് ഫോമും രൂപപ്പെടുത്തിയിട്ടുണ്ട്. അതിനായി ഐ.ടി.സി.സി (ഇൻഡോ - ട്രാൻസ്‌വേൾഡ് ചേംബർ ഓഫ് കൊമേഴ്സ്) എന്ന പേരിൽ ആപ്പും പുറത്തിറക്കിയിട്ടുണ്ട്. ഇതിലൂടെ പുതിയ തലമുറയ്ക്ക് എളുപ്പത്തിൽ ബന്ധപ്പെടാം. അതിലുപരി ബിസിനസ് ചെയ്യുന്ന ഏതൊരാൾക്കും എളുപ്പത്തിൽ കണക്ക് ചെയ്യുന്ന രീതിയിലും ഗുണകരമാവുന്ന തരത്തിലാണ് മലയാളത്തിലുള്ള ഈ ആപ്പിന്റെ പ്രവർത്തനം.

വ്യവസായികൾ, സംരംഭകർ, മാനേജ്മെന്റ് വിദ്യാർത്ഥികൾ, കുടുംബ വ്യവസായം മുന്നോട്ടുകൊണ്ടുപോകുവാൻ ആഗ്രഹിക്കുന്നവർ തുടങ്ങി നിരവധി പേർ കോൺക്ലേവിൽ പങ്കെടുത്തു. ഗ്രാൻഡ് ഗോൾഡ് ആൻഡ് ഡയമണ്ട് എന്ന സംരംഭത്തിന്റെ ലോഗോ പ്രകാശനവും കോൺക്ലേവിൽ വെച്ച് നടന്നു.

# ഐഎംഎഫിന്റെ പുതിയ എക്സിക്യൂട്ടീവ് ഡയറക്ടറാകാൻ പരമേശ്വരൻ അയ്യർ



**ന്യൂഡൽഹി:** രാജ്യാന്തര നാണ്യനിധിയുടെ(ഐഎംഎഫ്) പുതിയ എക്സിക്യൂട്ടീവ് ഡയറക്ടറായി പരമേശ്വരൻ അയ്യരെ കേന്ദ്രസർക്കാർ ശുപാർശ ചെയ്തുവെന്നു സൂചന. ഐഎംഎഫ് എക്സിക്യൂട്ടീവ് ഡയറക്ടർ പദവിയിൽ നിന്നു ഡോ. കൃഷ്ണമൂർത്തി വി. സുബ്രഹ്മണ്യനെ കേന്ദ്രസർക്കാർ പിൻവലിച്ചതിനു പിന്നാലെയാണിത്. നിലവിൽ ലോകബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടറായ പരമേശ്വരൻ അയ്യർ നേരത്തെ നിതി ആയോഗ് സിഇഒയുമായിരുന്നു.

3 വർഷത്തെ പദവി തീരാൻ ആറു മാസം കൂടി ശേഷിക്കെയാണു ഡോ. കൃഷ്ണമൂർത്തി സുബ്രഹ്മണ്യനെ അടിയന്തരമായി നീക്കാൻ നിയമനവുമായി ബന്ധപ്പെട്ട കാബിനറ്റ് സമിതി തീരുമാനിച്ച് ഏപ്രിൽ 30ന് ഉത്തരവിട്ടത്. പദവിയിൽ നിന്നു മാറ്റാനുള്ള കാരണം വ്യക്തമല്ല. ഡോ. കൃഷ്ണമൂർത്തി സുബ്രഹ്മണ്യത്തിന്റെ 'ഇന്ത്യ@100' എന്ന പുതിയ പുസ്തകത്തിന്റെ പ്രമോഷൻ നടപടികളുമായി ബന്ധപ്പെട്ട വിഷയങ്ങളാണു തീരുമാനത്തിനു പിന്നിലെന്നു സൂചനയുണ്ട്. ഐഎംഎഫിന്റെ ആഭ്യന്തര പ്രോട്ടോക്കോൾ ലംഘിച്ചുവെന്ന ആക്ഷേപവും ഉയർന്നിരുന്നു.

2018 മുതൽ 2021 വരെ നരേന്ദ്ര മോദി സർക്കാരിന്റെ മുഖ്യ സാമ്പത്തിക ഉപദേഷ്ടാവായിരുന്ന ഡോ. സുബ്രഹ്മണ്യനെ 2022 ഓഗസ്റ്റിലാണ് ഐഎംഎഫ് എക്സിക്യൂട്ടീവ് ഡയറക്ടറായി സർക്കാർ നാമനിർദേശം ചെയ്തത്.

2022 നവംബർ ഒന്നിനു പദവിയിൽ ചുമതലയേറ്റു. ഈ വർഷം നവംബറിലായിരുന്നു കാലാവധി തീരേണ്ടിയിരുന്നത്.

പാക്കിസ്ഥാനുള്ള ഐഎംഎഫിന്റെ സാമ്പത്തിക സഹായം ഉൾപ്പെടെ ചർച്ച ചെയ്യുന്ന നിർണായക ബോർഡ് യോഗം ഈ മാസം 9നു ചേരാനിരിക്കെയാണ് താൽക്കാലിക എക്സിക്യൂട്ടീവ് ഡയറക്ടർ പദവിയിൽ പരമേശ്വരൻ അയ്യരെ നിയമിക്കാനുള്ള തീരുമാനം. ഐഎംഎഫ് പാക്കിസ്ഥാനു നൽകുന്ന 7 ബില്യൻ ഡോളറിന്റെ സാമ്പത്തിക സഹായത്തെ പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ എതിർക്കാൻ ഇന്ത്യ തീരുമാനിച്ചിരുന്നു. കോഴിക്കോട് സ്വദേശി എയർ മാർഷൽ പി.വി. അയ്യരുടെയും പരേതനായ കല്യാണിയുടെയും മകനാണു പരമേശ്വരൻ അയ്യർ

# റബർ കർഷകർക്ക് കൈത്താങ്ങാകാൻ ഐസ്പീഡ് പദ്ധതി

**കൊച്ചി:** രാജ്യത്തെ രണ്ട് ലക്ഷത്തോളം വരുന്ന റബ്ബർ കർഷകരെ സഹായിക്കാനായി ഐസ്പീഡ് പദ്ധതി പ്രഖ്യാപിച്ച് ടയർ നിർമാതാക്കളുടെ സംഘടനയായ ആത്മ. ഉത്പാദനക്ഷമത, ഗ്രാമീണ അടിസ്ഥാനസൗകര്യങ്ങൾ, റബ്ബറിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തൽ എന്നിവ ലക്ഷ്യമിട്ടാണ് പ്രോജക്റ്റ് ഇൻറോഡിന്റെ (ഇന്ത്യൻ നാചറൽ റബർ ഓപ്പറേഷൻസ് ഫോർ അസിസ്റ്റഡ് ഡെവലപ്മെൻറ്) ഭാഗമായി ഇൻറോഡ് സ്കില്ലിംഗ് ആൻഡ് പ്രൊഡക്ഷൻ എഫിഷ്യൻസി എൻഹാൻസ്മെന്റ് ഡ്രൈവ് (ഐസ്പീഡ്) പദ്ധതി പ്രഖ്യാപിച്ചിരിക്കുന്നത്.

റബ്ബറിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും പുതിയ തോട്ടങ്ങൾ വികസിപ്പിക്കുന്നതിനും ടയർ വ്യവസായ മേഖല നേരിട്ട് നടപ്പാക്കുന്ന ആദ്യ പദ്ധതിയാണിത്. 1100 കോടി രൂപയുടെ നിക്ഷേപമുള്ള ഈ പദ്ധതി അപ്പോളോ, സിയറ്റ്, ജെ കെ, എം ആർ എഫ് എന്നീ ഓട്ടോമോട്ടീവ് ടയർ മാനുഫാക്ച്ചറേഴ്സ് അസോസിയേഷൻ (ആത്മ) അംഗങ്ങളുടെ ധനസഹായത്തോടെയാണ് നടപ്പാക്കുന്നത്. റബർ ബോർഡ് ഓഫ് ഇന്ത്യയ്ക്കാണ് പദ്ധതി നിർവഹണ ചുമതല.

ഇൻറോഡ് പദ്ധതിയുടെ ഭാഗമായ 145 കോടി രൂപയുടെ അഞ്ച് വർഷത്തെ പദ്ധതി വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെയും പശ്ചിമ ബംഗാളിലെയും രണ്ട് ലക്ഷത്തിലധികം ചെറിയ റബ്ബർ കർഷകർക്കും നഴ്സറികൾക്കും നേരിട്ട് പ്രയോജനം ലഭിക്കും. ആധുനിക പരിശീലനം, അടിസ്ഥാന സൗകര്യങ്ങളുടെ വിന്യാസം , ഉത്പാദന നിലവാരം മെച്ചപ്പെടുത്തൽ എന്നിവയിലൂടെയാണ് ഇത് സാധ്യമാകുന്നത്.

ഐസ്പീഡ് വഴി ഇന്ത്യയിലെ റബ്ബർ കർഷകരുടെ അറിവിലേക്കും കഴിവുകളിലേക്കും നിക്ഷേപം നടത്തുകയാണ് ചെയ്യുന്നതെന്ന് ആത്മ ചെയർമാനും എംആർഎഫ് ലിമിറ്റഡ് വൈസ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ അരുൺ മാമ്മൻ പറഞ്ഞു. വൈജ്ഞാനിക വിദ്യകളും, മിതവ്യയപരമായ കൃഷിപാഠങ്ങളും, അടിസ്ഥാനസൗകര്യങ്ങൾ പങ്ക് വെയ്ക്കുന്നതും വഴി ചെറുകിട കർഷകരെ ശക്തിപ്പെടുത്തുന്ന മാതൃകയെ പിന്തുണയ്ക്കുന്നതിൽ ഇന്ത്യൻ ടയർ വ്യവസായം അഭിമാനിക്കുന്നുവെന്നും ഇത് റബർ സ്വയംപര്യാപ്തതയെന്ന ലക്ഷ്യത്തിലേക്കുള്ള തുടക്കമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.ഇൻറോഡ് പദ്ധതി നിലവിൽ വരുന്നതോടെ, വടക്കുകിഴക്കൻ ഇന്ത്യയിൽ കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ 1.36 ലക്ഷം പേരാണ് പുതിയതായി റബ്ബർ കൃഷിയിൽ ഏർപ്പെട്ടത്.




**റബർ ബോർഡിന്റെ സഹകരണത്തോടെ ഓട്ടോമോട്ടീവ് ടയർ മാനുഫാക്ച്ചറേഴ്സ് അസോസിയേഷൻ നടപ്പാക്കുന്ന ഐസ്പീഡ് പദ്ധതിയുടെ പ്രഖ്യാപനം ആത്മ ചെയർമാനും എംആർഎഫ് ലിമിറ്റഡ് വൈസ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ അരുൺ മാമ്മൻ നിർവഹിക്കുന്നു. രാജീവ് ബുധരാജ്, പ്രവീൺ തൃപാഠി എന്നിവർ സമീപം.**

ഐസ്പീഡ് പദ്ധതിയുടെ ഭാഗമായി ഉയർന്ന നിലവാരമുള്ള ഷീറ്റുകൾ ഉത്പാദിപ്പിക്കാൻ 3,000 സ്മോക്ക് ഹൗസുകൾ സ്ഥാപിക്കുക്കയും 3,000 ഷീറ്റ് റോളിംഗ് മെഷീനുകൾ സ്ഥാപിക്കുകയും ചെയ്യും. പ്രധാന കൃഷിയിടങ്ങളിൽ മാതൃകാ നഴ്സറികളും പ്രദർശന യൂണിറ്റുകളും സ്ഥാപിക്കും. തോട്ടത്തിൽ നിന്ന് ഉത്പന്നം ശേഖരിച്ച് കൈകാര്യം ചെയ്യാൻ പ്രോസസ്സിംഗ്, ഗ്രേഡിംഗ് സെന്ററുകൾ സ്ഥാപിക്കുകയും വൈജ്ഞാനിക കൈമാറ്റത്തിനായി കർഷകരുടെ നെറ്റ്‌വർക്ക് രൂപീകരിക്കുകയും ചെയ്യുമെന്ന് ഇൻറോഡ് ചെയർമാൻ പ്രവീൺ തൃപാഠി പറഞ്ഞു.

ത്രിപുരയിലെയും അസമിലെയും കൃഷിയിടങ്ങളിൽ സ്മോക് ഹൗസ് യൂണിറ്റുകൾ ആരംഭിച്ച് ആത്മ ചെയർമാൻ അരുൺ മാമൻ പദ്ധതി ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു.

റബ്ബർ തോട്ടങ്ങളിലെ വിളവിന്റെ വർദ്ധന, ആർ എസ് എസ് 4 ഗുണനിലവാരമുള്ള റബ്ബറിന്റെ ലഭ്യത, കർഷകർക്ക് നല്ല വിലയും വരുമാനവുമുണ്ടാകുക, സുസ്ഥിര ടാപ്പിംഗ്, ഇൻറർക്രോപ്പിംഗ് എന്നിവ ഉറപ്പാക്കുക, ആഗോള നിലവാരങ്ങൾക്കും മികച്ച രീതികൾക്കുമായി പരിശീലനം നേടിയ തൊഴിലാളികളുടെ ലഭ്യത ഉറപ്പാക്കുക എന്നതാണ് ഐസ്പീഡ് പദ്ധതിയിലൂടെ പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ.

# പുതിയ ഓട്ടോമാറ്റിക്സ് വാച്ച് കളക്ഷനുമായി ടൈറ്റൻ

**കൊച്ചി:** ഏറ്റവും പുതിയ ഓട്ടോമാറ്റിക്സ് വാച്ചുകളുടെ ശേഖരം ടൈറ്റൻ വാച്ചസ് വിപണിയിലവതരിപ്പിച്ചു. മെക്കാനിക്കൽ വാച്ച് നിർമ്മാണത്തിൻറെ സൗന്ദര്യം ഉയർത്തിക്കാട്ടുന്നവയാണ് ഈ ശേഖരത്തിലെ വാച്ചുകൾ. വാച്ചുകളുടെ സങ്കീർണ്ണമായ എഞ്ചിനീയറിംഗ് വൈദഗ്ദ്ധ്യം കാണാനാവുന്ന രീതിയിലുള്ള ആകർഷകമായ സ്കെലിറ്റൽ ഡയലുകളാണ് ശേഖരത്തിലെ ഓരോ വാച്ചിലും ഉള്ളത്. ഇൻറഗ്രേറ്റഡ് ബ്രേസ്‌ലെറ്റുകൾ മുതൽ ഡ്യുവൽഫിനിഷ് സോളിഡ് ലിങ്ക് സ്ട്രാപ്പുകൾ വരെ, ഓരോ ഘടകവും വൈവിധ്യമാർന്ന വ്യക്തിത്വങ്ങളെ പ്രതിഫലിപ്പിക്കുന്നതിനായി രൂപകൽപ്പന ചെയ്തിരിക്കുന്നവയാണ്. 21 ജൂവൽ ബെയറിംഗുകൾ, മണിക്കൂറിൽ 21,600 ബീറ്റുകളുടെ വൈബ്രേഷൻ ഫ്രീക്വൻസി, 42 മണിക്കൂർ പവർ റിസർവ് തുടങ്ങിയ മികവുകളുള്ള ഈ വാച്ച് ശേഖരം, കൃത്യത, കരകൗശല വൈഭവം, പ്രകടനം എന്നിവയിൽ മുന്നിലാണ്.



ടൈറ്റൻ ഓട്ടോമാറ്റിക്സ് വാച്ച് ശേഖരം നാല് വ്യത്യസ്ത വേരിയൻറുകളിൽ ലഭ്യമാണ്. ഓരോന്നും വ്യത്യസ്തമായ വ്യക്തിത്വങ്ങളെ പ്രതിഫലിപ്പിക്കുന്നതിനായി പ്രത്യേകം രൂപകൽപ്പന ചെയ്തിരിക്കുന്നവയാണ്. ഈ ശേഖരത്തിലെ ഏറ്റവും മികവാർന്നത് യിൻ യാങ് സ്കെലെറ്റൽ ഓട്ടോമാറ്റിക് വാച്ചാണ്. കലാപരമായ സന്തുലിതാവസ്ഥയോടെ രൂപകൽപ്പന ചെയ്തിരിക്കുന്ന ഈ വാച്ച് പ്രസ്പാറ്റേൺ വിശദാംശങ്ങളുള്ള യിൻയാങ് സ്കെലെറ്റൽ ഡയൽ ഡിസൈൻ ഉൾക്കൊള്ളുന്നതാണ്. നേർത്ത സ്റ്റെയിൻലെസ് സ്റ്റീൽ, മനോഹരമായ റോസ് ഗോൾഡ് എന്നീ കോമ്പിനേഷനുകളിൽ ഈ വാച്ചുകൾ ലഭ്യമാണ്.

ഫീനിക്സ് പക്ഷിയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് ഫീനിക്സ് സ്കെലിറ്റൽ ഓട്ടോമാറ്റിക് വാച്ച് നിർമ്മിച്ചിരിക്കുന്നത്. ഫീനിക്സ് പക്ഷിയുടെ ചിറകുകൾക്ക് സമാനമായി രൂപകൽപ്പന ചെയ്ത ബോൾഡ് സ്കെലിറ്റൽ ഡയലുകളാണ് ഈ വാച്ചുകൾക്കുള്ളത്. അത്യാധുനിക രൂപകൽപ്പനയോട് ചേർന്ന് പോകുന്ന ക്രൗണുമായെത്തുന്ന ഈ വാച്ചുകൾ മോണോക്രോമാറ്റിക് എക്ലിപ്സ് ബ്ലാക്ക്, എംബർ റോസ് ഗോൾഡ് എന്നിങ്ങനെ രണ്ട് വേരിയൻറുകളിൽ ലഭ്യമാണ്.

നെക്സസ് സ്കെലിറ്റൽ ഓട്ടോമാറ്റിക് വാച്ചുകൾ സമകാലിക സൗന്ദര്യശാസ്ത്രത്തെയും കാലാതീതമായ പ്രതീകാത്മകതയെയും സമന്വയിപ്പിക്കുന്നവയാണ്. കപ്പലിൻറെ ചുക്കാനിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് നിർമ്മിച്ചിരിക്കുന്ന ഈ വാച്ചിൻറെ സ്കെലിറ്റൽ ഡയൽ ചലനത്തെയും പുരോഗതിയെയും പ്രതിനിധീകരിക്കുന്നു. കോഫി ബ്രൗൺ, ഗൺമെറ്റൽ, മിഡ്നൈറ്റ് ബ്ലൂ എന്നീ മൂന്ന് ഡയൽ ഷേഡുകളിൽ ഈ വാച്ചുകൾ ലഭ്യമാണ്.

സ്വർണം ഇഷ്ടപ്പെടുന്നവർക്കായി രൂപകൽപ്പന ചെയ്തിരിക്കുന്നവയാണ് ഗോൾഡൻ ഹാർട്ട് സ്കെലിറ്റൽ ഓട്ടോമാറ്റിക് വാച്ച്. ബൈമെറ്റൽ, ഫുൾ ഗോൾഡ് വേരിയൻറുകളിൽ ഇത് ലഭ്യമാണ്. അതിൻറെ സ്വർണം പൂശിയ സ്കെലിറ്റൽ ഡയലിൽ സൂക്ഷ്മമായ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു.

ടൈറ്റൻ വാച്ചസിൻറെ യാത്രയിലെ ഒരു സുപ്രധാന നാഴികക്കല്ലാണ് ടൈറ്റൻ ഓട്ടോമാറ്റിക്സ് ശേഖരമെന്നും നൂതനവും സങ്കീർണ്ണവുമായ ഹൊറോളജിയുടെയും സമകാലിക ശൈലിയുടെയും സമന്വയമാണ് ഈ വാച്ചുകളിലൂടെ അവതരിപ്പിക്കുന്നതെന്നും ടൈറ്റൻ വാച്ചസ് മാർക്കറ്റിംഗ് ഹെഡ് അപർണ രവി പറഞ്ഞു. സ്വന്തം വാച്ചിനെ ആത്മപ്രകാശനത്തിൻറെയും കരകൗശല വൈദഗ്ധ്യത്തിൻറെയും പ്രതിഫലനമായി കാണുന്നവരെ ലക്ഷ്യം വച്ചുള്ളവയാണ് ഈ വാച്ചുകളെന്നും അവർ പറഞ്ഞു.

17,995 മുതൽ 22,495 രൂപ വരെയാണ് ടൈറ്റൻ ഓട്ടോമാറ്റിക്സ് ശേഖരത്തിലെ വാച്ചുകളുടെ വില. എല്ലാ ടൈറ്റൻ സ്റ്റോറുകളിലും www.titan.co.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്.



## ഹാർമണി ഓഫ് ലൈഫ്; അവയവ ദാതാക്കളുടെയും സ്വീകർത്താക്കളുടെയും ഒത്തുചേരലുമായി കിംസ്ഹെൽത്ത്

**തിരുവനന്തപുരം:** അവയവ ദാതാക്കളുടെയും ബന്ധുക്കളുടെയും സ്വീകർത്താക്കളുടെയും സംഗമമായി 'ഹാർമണി ഓഫ് ലൈഫ്'. ലിവർ ഫൗണ്ടേഷൻ ഓഫ് കേരളയുമായി (ലിഫോക്) ചേർന്ന് തിരുവനന്തപുരം കിംസ്ഹെൽത്ത് സംഘടിപ്പിച്ച ഒത്തുചേരലിൽ നൂറിലേറെപ്പേർ പങ്കെടുത്തു.

ഒരു മനുഷ്യന് തന്റെ ജീവിതത്തിൽ ചെയ്യുവാൻ സാധിക്കുന്ന ഏറ്റവും പാവനമായ കാര്യമാണ് അവയവദാനമെന്ന് പരിപാടിയിൽ അദ്ധ്യക്ഷത വഹിച്ച മെഡിക്കൽ സൂപ്രണ്ടും നെഫ്രോളജി വിഭാഗം സീനിയർ കൺസൾട്ടന്റുമായ ഡോ. പ്രവീൺ മുരളീധരൻ പറഞ്ഞു. അവയവദാനത്തിലൂടെ സമൂഹത്തിന് നല്ല ഒരു സന്ദേശം നൽകുക മാത്രമല്ല ചെയ്യുന്നത്, സമൂഹത്തിലാകെ ഇതുസംബന്ധിച്ച ഒരു ബോധവത്ക്കരണമുണ്ടാക്കുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കിംസ്ഹെൽത്തിലെ ലിവർ ട്രാൻസ്പ്ലാന്റ് ടീമിന്റെ നിസ്തുല സേവനത്തെ ഡോ. പ്രവീൺ പ്രകീർത്തിക്കുകയും അഭിനന്ദനങ്ങൾ അറിയിക്കുകയും ചെയ്തു.

കരൾ മാറ്റ ശസ്ത്രക്രിയ നടത്തിയവർക്കായുള്ള സേവന വിപുലീകരണങ്ങളെക്കുറിച്ച് ലിഫോക് പ്രസിഡന്റ് ബി ലാൽ സംസാരിച്ചു. കേരളത്തിലെ ഭൂരിപക്ഷം ലാബുകളുമായും ഫൗണ്ടേഷന് പങ്കാളിത്തമുണ്ടെന്നും അതിലൂടെ അർഹരായവർക്ക് ഇളവുകൾ ലഭ്യമാകുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. കൂടാതെ ചില പഞ്ചായത്തുകൾ ട്രാൻസ്പ്ലാന്റ് രോഗികൾക്ക് മരുന്നുകൾ വാങ്ങിക്കുന്നതിനായി 5000 രൂപ ധനസഹായം വരെ നൽകിവരുന്നുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

2013 ജൂലൈ 23നാണ് കിംസ്ഹെൽത്തിൽ ആദ്യ കരൾമാറ്റ ശസ്ത്രക്രിയ നടത്തിയത്. തുടർന്ന് ഇരുന്നൂറോളം പേരിൽ കരൾമാറ്റ ശസ്ത്രക്രിയ വിജയകരമായി പൂർത്തീകരിച്ചു. കേരളത്തിലെ ആദ്യത്തെ കരളും വൃക്കയും ഒന്നിച്ച് മാറ്റിവെക്കാനും സ്പ്ലിറ്റ് ലിവർ ട്രാൻസ്പ്ലാന്റ് നടത്താനും, ഏറ്റവും തൂക്കം കുറഞ്ഞ കുട്ടിയിൽ അവയവമാറ്റ ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കാനും കിംസ്ഹെൽത്തിന് സാധിച്ചിട്ടുണ്ട്.

ഗ്യാസ്ട്രോഎൻട്രോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. ഹരീഷ് കരീം, ലിഫോക് ജില്ലാ സെക്രട്ടറി ബി.എസ് ബിന്ദു എന്നിവർ പരിപാടിയിൽ ആശംസകൾ അറിയിച്ചു സംസാരിച്ചു. ട്രാൻസ്പ്ലാൻ സർവീസസ് സീനിയർ കൺസൾട്ടന്റും ക്ലിനിക്കൽ ചെയറുമായ ഡോ. ഷിറാസ് അഹമ്മദ് റാത്തർ സ്വാഗതവും ഹെപറ്റോബൈലറി, പാൻക്രിയാറ്റിക് & ലിവർ ട്രാൻസ്പ്ലാന്റ് സർജറി വിഭാഗം ചീഫ് കോർഡിനേറ്ററും സീനിയർ കൺസൾട്ടന്റുമായ ഡോ. ഷബീർ അലി ടി.യു നന്ദിയും പറഞ്ഞു.

സന്നദ്ധ രക്തദാതാക്കളേയും ചടങ്ങിൽ ആദരിച്ചു. 5 വർഷങ്ങൾക്ക് മുമ്പ് കിംസ്ഹെൽത്തിൽ കരൾ മാറ്റിവച്ച നസീമ നജീമിന്റെ നൃത്ത പരിപാടിയും അരങ്ങേറി.



ആസ്റ്റർ മെഡ്സിറ്റിയും ആസ്റ്റർ വോളണ്ടിയേഴ്സും ചേർന്ന് സംഘടിപ്പിച്ച കരൾ ആരോഗ്യ ബോധവൽക്കരണ വാക്കത്തോൺ ആസ്റ്റർ മെഡ്സിറ്റി സിഇഒ ഡോ.നളന്ദ ജയദേവ് ഫ്ലാഗ് ഓഫ് ചെയ്യുന്നു

# കരൾ ആരോഗ്യ ബോധവൽക്കരണ വാക്കത്തോണുമായി ആസ്റ്റർ മെഡ്സിറ്റി

**കൊച്ചി:** ആസ്റ്റർ മെഡ്സിറ്റിയും ആസ്റ്റർ ഡിഎം ഹെൽത്ത്കെയറിന്റെ സിഎസ്ആർ വിഭാഗമായ ആസ്റ്റർ വോളണ്ടിയേഴ്സും ചേർന്ന് കരൾ ആരോഗ്യ ബോധവൽക്കരണ വാക്കത്തോൺ സംഘടിപ്പിച്ചു. ആസ്റ്റർ മെഡ്സിറ്റിയിലെ ക്ലിനിക്കൽ ന്യൂട്രീഷൻ ആൻഡ് ഡയറ്ററ്റിക്സ് വിഭാഗവും ഇന്റഗ്രേറ്റഡ് ലിവർ കെയർ ടീമും സംയുക്തമായാണ് കലൂരിലെ ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച വാക്കത്തോണിന് നേതൃത്വം നൽകിയത്.

ആസ്റ്റർ മെഡ്സിറ്റി സിഒഒ ഡോ ഷുഹൈബ് ഖാദറിന്റെ സാന്നിധ്യത്തിൽ ആസ്റ്റർ മെഡ്സിറ്റി സിഇഒ ഡോ. നളന്ദ ജയദേവ് വാക്കത്തോൺ ഫ്ലാഗ് ഓഫ് ചെയ്തു. കരൾമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയമായവർ , ദാതാക്കൾ, പുറമേ നിന്നുള്ള വളണ്ടിയർമാർ എന്നിവരുൾപ്പെടെ 300ലധികം പേർ വാക്കത്തോണിൽ പങ്കെടുത്തു. പരിപാടിയുടെ ഭാഗമായ ഏറ്റവും പ്രായം കുറഞ്ഞ വ്യക്തികൾ എന്ന നിലയിൽ അഞ്ചു വയസ്സുള്ള രണ്ടു കുട്ടികളെയും ഏറ്റവും പ്രായം ചെന്ന വ്യക്തിയായ 86 കാരനെയും ചടങ്ങിൽ ആദരിച്ചു. ഭക്ഷണമാണ് ഔഷധം എന്ന പ്രമേയത്തെ അടിസ്ഥാനമാക്കി കരൾ ആരോഗ്യത്തെക്കുറിച്ചുള്ള അവബോധം വളർത്തുന്നതിനായി സുംബ സെഷനുകൾ, ഗെയിമുകൾ, ചോദ്യോത്തര സെഷനുകൾ എന്നിവയും വാക്കത്തോണിന്റെ ഭാഗമായി സംഘടിപ്പിച്ചു. കരൾ രോഗങ്ങൾ തടയുന്നതിലും കൈകാര്യം ചെയ്യുന്നതിലും പോഷകാഹാരത്തിന് വലിയ പങ്കുണ്ടെന്ന സന്ദേശമാണ് പരിപാടിയിലൂടെ നൽകിയത്.

## ഫോട്ടോജേണലിസം കോഴ്സിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാന സർക്കാരിന്റെ സ്വയംഭരണ സ്ഥാപനമായ കേരള മീഡിയ അക്കാദമി തിരുവനന്തപുരം കൊച്ചി സെന്ററുകളിൽ നടത്തുന്ന ഫോട്ടോ ജേണലിസം കോഴ്സിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. തിയറിയും പ്രാക്ടിക്കലും ഉൾപ്പെടെ മൂന്ന് മാസമാണ് കോഴ്സിന്റെ കാലാവധി. ശനി, ഞായർ ദിവസങ്ങളിലാണ് ക്ലാസ്സുകൾ. 25 വീതം സീറ്റുകൾ ഉണ്ട്. സർക്കാർ അംഗീകാരമുള്ള കോഴ്സിന് 25,000/രൂപയാണ് ഫീസ് പ്ലസ് ടൂ വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷ തപാൽ മുഖേനേയോ, ഓൺലൈൻ ആയോ സമർപ്പിക്കാം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി മെയ് 10.

ഫോൺ: കൊച്ചി 8281360360, തിരുവനന്തപുരം 9447225524

അപേക്ഷ അയക്കേണ്ട വിലാസം: സെക്രട്ടറി, കേരള മീഡിയ അക്കാദമി, കാക്കനാട് കൊച്ചി 30, 04842422275

വിശദവിവരങ്ങൾക്ക് അക്കാദമിയുടെ www keralamediaacademy.org എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

# മോട്ടറോള എഡ്ജ് 60 പ്രോ പുറത്തിറങ്ങി

**കൊച്ചി:** എഡ്ജ് 60 നിരയിലെ ഏറ്റവും പുതിയ എഡ്ജ് 60 പ്രോ പുറത്തിറക്കി മോട്ടറോള. ഫ്ലാഗ് ഷിപ്പ് ഗ്രേഡ് എഐ, സെഗ്മെന്റിലെ ഏക 50 എംപി + 50എംപി + 50 എക്സ് എഐ ക്യാമറ സിസ്റ്റം, ലോകത്തിലെ ഏറ്റവും മികച്ച 1.5കെ ട്രൂ കളർ ക്വാഡ്കർവ്ഡ് ഡിസ്പ്ലേ, എക്സ്ഓമാർക്കിൽ ലോകത്തിലെ ഏറ്റവും ഉയർന്ന ബാറ്ററി റേറ്റിംഗുള്ള 6000 എംഎഎച്ച് ബാറ്ററി എന്നിവയുൾപ്പെടുന്നതാണ് മോട്ടറോള എഡ്ജ് 60 പ്രോ. പ്രത്യേക എഐ കീ വരുന്ന ഓൺഡിവൈസ് മോട്ടോഎഐ, അൾട്രാഎഫിഷ്യന്റ് 4എൻഎം സാങ്കേതികവിദ്യയുള്ള മീഡിയടെക് ഡൈമെൻസിറ്റി 8350 എക്സ്ട്രീം ചിപ്സെറ്റുള്ള പ്രീമിയർഗ്രേഡ്, 90വാട്ട് ടർബോപവർ ചാർജർ എന്നിവയും എഡ്ജ് 60 പ്രോയിൽ വരുന്നുണ്ട്.




മോട്ടോറോള എഡ്ജ് 60 പ്രോ 8 ജിബി അല്ലെങ്കിൽ 12 ജിബി റാമിൽ 256 ജിബി സ്റ്റോറേജിൽ പാന്റോൺ ഡാസ്ലിംഗ് ബ്ലൂ, പാന്റോൺ ഷാഡോ, പാന്റോൺ സ്പാർക്ലിംഗ് ഗ്രേപ്പ് എന്നീ മൂന്ന് നിറങ്ങളിൽ ലഭ്യമാകും. നിലവിൽ പ്രീഓർഡറിന് ലഭ്യമായ എഡ്ജ് 60 പ്രോ ഫ്ലിപ്കാർട്ട്, മോട്ടറോള. ഇൻ, റീട്ടെയിൽ സ്റ്റോറുകൾ എന്നിവയിൽ മെയ് 7 ഉച്ചയ്ക്ക് 12 മണി മുതൽ വിൽപ്പനയ്ക്കെത്തും. 8 ജിബി വേരിയന്റിനു 29,999 രൂപയും 12 ജിബി വേരിയന്റിനു 33,999 രൂപയുമാണ് ലോഞ്ച് വില.

# ഇസാഫ് ഫൗണ്ടേഷന്റെ സമ്മർ സ്പ്ലാഷ് ഇന്നുമുതൽ

**കൊച്ചി:** വേനലാവധിക്കാലം വിനോദത്തിനും വിജ്ഞാനത്തിനും ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഇസാഫ് ഫൗണ്ടേഷൻ കുട്ടികൾക്കായി സമ്മർ സ്പ്ലാഷ് സംഘടിപ്പിക്കുന്നു. ആലുവയിലെ ഇസാഫ് ഫൗണ്ടേഷൻ ട്രെയിനിംഗ് സെന്ററിൽ ഇന്നുമുതൽ (മെയ് 6) ആരംഭിക്കുന്ന ക്ലാസ്സിൽ ആർട്ട്, ക്രാഫ്റ്റ്, പെയിന്റിംഗ് എന്നിവയിൽ പരിശീലനം നൽകും. ഇവയ്ക്ക് പുറമെ വിവിധ ഗെയിംസുകളും സംഘടിപ്പിക്കും. ക്ലാസുകൾ മെയ് 17ന് അവസാനിക്കും. കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക, 9072600771.



# ആമസോൺ ഏറ്റവും വേഗതയേറിയ കിൻണ്ടൽ അവതരിപ്പിച്ചു

**കൊച്ചി:** ആമസോൺ, ഇന്ത്യയിൽ തങ്ങളുടെ പുതിയ കിൻണ്ടൽ പേപ്പർവൈറ്റ് പുറത്തിറക്കുന്നതായി പ്രഖ്യാപിച്ചു. ഇത് കമ്പനിയുടെ ഇതുവരെയുള്ളതിൽ വച്ച് ഏറ്റവും വേഗതയേറിയ കിൻണ്ടൽ ആണ്, കൂടാതെ ഇതുവരെയുള്ളതിൽ വച്ച് ഏറ്റവും മികച്ച പ്രകടനം കാഴ്ച്ചവയ്ക്കുന്നതും കനം കുറഞ്ഞതുമായ കിൻണ്ടൽ പേപ്പർവൈറ്റ് ആണ്. 7 ഇഞ്ച് വലിപ്പമുള്ള പേപ്പർവൈറ്റിലെ ഏറ്റവും വലിയ ഡിസ്പ്ലേയും, ഭാരം കുറഞ്ഞ രൂപകല്പനയും, ഒറ്റ ചാർജിൽ 12 ആഴ്ച വരെ ബാറ്ററി ആയുസ്സും ഇതിനുണ്ട്.

കറുത്ത നിറത്തിലുള്ള പുതിയ കിൻണ്ടൽ പേപ്പർവൈറ്റ് ഉപഭോക്താക്കൾക്ക് 16,999 രൂപയ്ക്ക് ആമസോണിൽ ലഭ്യമാണ്



ഇൻഡെക്സ് 2025 'ന്റെ സമാപന സമ്മേളനം കേന്ദ്ര ഭക്ഷ്യ സംസ്ക്കരണ വ്യവസായ വകുപ്പ് കാബിനറ്റ് മന്ത്രി ചിരാഗ് പാസ്വാൻ അങ്കമാലി അഡ്‌ലക്സ് കൺവെൻഷൻ സെന്ററിൽ ഉദ്ഘാടനം ചെയ്യുന്നു. ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ.യൂസഫലി സമീപം.

# ഇൻഡെക്സ് 2025 സമാപിച്ചു : സമാപന സമ്മേളനം കേന്ദ്ര മന്ത്രി ചിരാഗ് പാസ്വാൻ ഉദ്ഘാടനം ചെയ്തു

## ഭക്ഷ്യ സംസ്ക്കരണ വ്യവസായ രംഗത്ത് ഭാരതം ആഗോള തലത്തിൽ മുന്നിലെത്തും: ചിരാഗ് പാസ്വാൻ

**കൊച്ചി:** ഭക്ഷ്യ സംസ്ക്കരണ വ്യവസായ രംഗത്ത് ഭാരതം പുതിയ ഉയരങ്ങളിലേയ്ക്ക് കുതിയ്ക്കുകയാണെന്ന് കേന്ദ്ര ഭക്ഷ്യ സംസ്ക്കരണ വ്യവസായ വകുപ്പ് കാബിനറ്റ് മന്ത്രി ചിരാഗ് പാസ്വാൻ പറഞ്ഞു. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നാല് മന്ത്രാലയങ്ങളുടെയും, 20 വിദേശ എംബസികളുടെയും പങ്കാളിത്തത്തോടെ നാഷണൽ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കൗൺസിൽ കമ്മിറ്റി (എൻ.ഐ.ഡി.സി.സി) കേരളത്തിൽ ആദ്യമായി സംഘടിപ്പിച്ച ഇൻഡ്യൻ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് എക്സിബിഷൻ' ഇൻഡെക്സ് 2025 'ന്റെ സമാപന സമ്മേളനം അങ്കമാലി അഡ്‌ലക്സ് കൺവെൻഷൻ സെന്ററിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഭക്ഷ്യോൽപാദന, സംസ്ക്കരണ രംഗത്ത് ഭാരതം ആഗോള തലത്തിൽ മുൻ പന്തിയിലെത്തുന്നതിനുള്ള വിവിധ കർമ്മ പദ്ധതികൾ പ്രധാനമന്ത്രി നരേന്ദ്ര മോഡിയുടെ നേതൃത്വത്തിൽ ആവിഷ്കരിച്ച് മുന്നോട്ട് പോകുകയാണെന്ന് മന്ത്രി പറഞ്ഞു. ഭക്ഷ്യസംസ്ക്കരണ വ്യവസായ മേഖലയിൽ നവീന ആശയങ്ങളും പരസ്പര സഹകരണവും അതുവഴി പുതിയ അവസരങ്ങളും സൃഷ്ടിക്കാൻ എൻ.ഐ.ഡി.സിയുടെ എക്സിബിഷൻ ഗുണകരമാകും. കർഷകരാണ് ഇൻഡ്യൻ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ല്. ഭക്ഷ്യോൽപാദനം വർധിപ്പിച്ച് അതുവഴി കർഷകർക്ക് മികച്ചതും സ്ഥായിയായതുമായ വരുമാനം ലഭ്യമാക്കുന്നതിനായുള്ള വിവിധ പദ്ധതികൾ കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരികയാണെന്നും കേന്ദ്ര മന്ത്രി ചിരാഗ് പാസ്വാൻ പറഞ്ഞു. ലോകത്ത് അതിവേഗം വികസിച്ചു കൊണ്ടിരിക്കുന്ന രാജ്യമായി ഇൻഡ്യ മാറിക്കഴിഞ്ഞു വെന്നു ചടങ്ങിൽ മുഖ്യ അതിഥിയായിരുന്ന ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ യൂസഫലി പറഞ്ഞു. പ്രധാന മന്ത്രി നരേന്ദ്ര മോഡിയുടെ നേതൃത്വത്തിൽ ലോകത്തിലെ മൂന്നാമത്തെ സാമ്പത്തിക ശക്തിയായി ഇന്ത്യ മാറും. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ഇന്ത്യൻ സാമ്പത്തിക രംഗത്തിന് വലിയ കുതിപ്പ് സമ്മാനിക്കുമെന്നും എം.എ യുസഫലി പറഞ്ഞു. എൻ.ഐ.ഡി.സി.സി ലെന്റിംഗ് പാർടണറും ഐസിഎൽ ഫിൻ കോർപ് എം.ഡിയുമായ അഡ്വ കെ.ജി അനിൽകുമാർ, കാർഷികാധിഷ്ഠിത ടൂറിസം രംഗത്ത് നൂതന ആശയം കാഴ്ച്ചവച്ച ജെസ്പെയ്ഡ് റിയൽഎസ്റ്റേറ്റ് ആന്റ് സിൽവർലീഫ് ബിൽഡേഴ്സ് മാനേജിംഗ് ഡയറക്ടർ നിഷാദ് അബുബക്കർ, എൻ.ഐ.ഡി.സി.സി അഡ്മിനിസ്ട്രേറ്റർ എസ്.വാസുദേവ് എന്നിവരെ കേന്ദ്രമന്ത്രി ഉപഹാരം നൽകി ചടങ്ങിൽ ആദരിച്ചു. ഇൻഡസ്ട്രീയൽ ഡവലപ്പ്മെന്റ് കമ്മീഷണർ ഷിവേന്ദ്ര സിംഗ്, അഡ്വ. കെ.ജി.അനിൽ കുമാർ, നിഷാദ് അബുബക്കർ എന്നിവരും പ്രസംഗിച്ചു.




ഇൻഡെക്സ് 2025 'ന്റെ സമാപന സമ്മേളനത്തിൽ എൻ.ഐ.ഡി.സി.സി അഡ്മിനിസ്ട്രേറ്റർ എസ്.വാസുദേവിനെ കാബിനറ്റ് മന്ത്രി ചിരാഗ് പാസ്വാൻ, ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ.യൂസഫലി എന്നിവർ ചേർന്ന് ഉപഹാരം നൽകി ആദരിക്കുന്നു.

# കെയർഎഡ്ജ്ഇഎസ്ജി 1 റേറ്റിങിനോടൊപ്പം 72.2 ഇഎസ്ജി സ്കോർ നേടി മുത്തൂറ്റ് മൈക്രോഫിൻ

**കൊച്ചി:** സുസ്ഥിരതയും എല്ലാവരേയും ഉൾക്കൊള്ളുന്നതുമായ സാമ്പത്തിക പ്രതിബദ്ധതയ്ക്ക് വലിയ അംഗീകാരമായി മുത്തൂറ്റ് മൈക്രോഫിൻ ലിമിറ്റഡ് ശ്രദ്ധേയമായ 72.2 എന്ന ഇഎസ്ജി സ്കോർ നേടി. അതിനുപുറമെ സെബി ലൈസൻസുള്ള ഇഎസ്ജി റേറ്റിങ് പ്രൊവൈഡർ കെയർ ഇഎസ്ജി റേറ്റിങ്സ് ലിമിറ്റഡിൻറെ ഏറ്റവും ഉയർന്ന റേറ്റിങ് കെയർഎഡ്ജ് ഇഎസ്ജി 1 റേറ്റിങ്ങും കരസ്ഥമാക്കി.

തങ്ങൾ എങ്ങനെ സേവനങ്ങൾ നൽകുന്നു എന്നതിൻറേയും വളരുന്നു എന്നതിൻറേയും ഉദാഹരണം കൂടിയാണ് ഇഎസ്ജി രംഗത്തെ നേട്ടങ്ങളെന്ന് മുത്തൂറ്റ് മൈക്രോഫിൻ സിഇഒ സദാഫ് സയീദ് പറഞ്ഞു.

സമൂഹങ്ങളെ ശാക്തീകരിക്കാനും മികച്ച സംവിധാനങ്ങൾ കെട്ടിപ്പടുക്കാനും തങ്ങളുടെ വളർച്ച ജീവിതങ്ങൾ മികച്ച രീതിയിൽ മെച്ചപ്പെടുത്താൻ സഹായിക്കുന്നു എന്ന് ഉറപ്പു വരുത്താനുള്ള പ്രതിബദ്ധത തുടങ്ങിയവ കൂടിയാണ് ഇഎസ്ജി റേറ്റിങ്ങിലൂടെ കാണുന്നത്. പരിസ്ഥിതി, സമൂഹങ്ങളുടെ വളർച്ച, ശക്തമായ ധാർമികത തുടങ്ങിയവയെ സ്ഥാപനം ഉയർത്തിക്കാട്ടുമ്പോൾ ദീർഘകാലത്തേക്കുള്ളപ്രവർത്തന വിജയത്തിനും സുസ്ഥിര വളർച്ചയ്ക്കും കൂടിയുള്ള അടിത്തറ കൂടിയാണ് ഇടുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



ലുലു മാളിലെ വിനോദകേന്ദ്രമായ ഫൺട്യൂറയുടെ ഫൺട്യൂറ ആപ്പ് ഫുട്ബോൾ കമന്റേറ്റർ ഷൈജു ദാമോദരൻ, സിനിമാതാരങ്ങളായ ടിനിടോം, ഗിന്നസ് പക്രു എന്നിവർ ചേർന്നു പുറത്തിറക്കുന്നു. നികിൻ ജോസഫ് , മുഹമ്മദ് യൂനസ്, സാദിഖ് കാസിം, അനിൽമേനോൻ, എം.അംബികാപതി എന്നിവർ സമീപം.

# ഇനി വിനോദം വിരൽത്തുമ്പിൽ:ലുലു ഫൺട്യൂറ ആപ്പ് പുറത്തിറക്കി , ഇനി വീട്ടിലിരുന്നും ഫൺട്യൂറ കാർഡ് റീച്ചാർജ് ചെയ്യാം

**കൊച്ചി:** ലുലു മാളുകളിലെ കുട്ടികളുടെ വിനോദ കേന്ദ്രമായ ലുലു ഫൺട്യൂറയിലെ വിനോദത്തിന് ഫൺട്യൂറ ആപ്പ് പുറത്തിറക്കി. പ്രമുഖ ഫുട്ബോൾ കമന്റേറ്ററായ ഷൈജു ദാമോദരൻ, സിനിമാ താരങ്ങളായ ഗിന്നസ് പക്രു , ടിനിടോം എന്നിവർ ചേർന്നാണ് ഫൺട്യൂറ ആപ്പ് പുറത്തിറക്കിയത്. ഗയിം കാർഡുകളിൽ റീച്ചാർജ് നടത്താനും കുട്ടികൾക്കു വേണ്ടി ലുലു മാളുകളിലെ ഫൺട്യൂറ കേന്ദ്രങ്ങളിൽ നടക്കുന്ന മത്സരകളിൽ രജിസ്റ്റർ ചെയ്യാനും ഫൺട്യൂറയിലെ ഓരോ ഗെയിംമുകളുടെ പ്രത്യേകതകളും ആപ്പിലൂടെ അറിയാം. കുട്ടികൾക്ക് ഏറെ വിനോദം നൽകുന്ന ലുലു ഫൺട്യൂറയിൽ വേനൽ അവധി ഓഫറുകളും തുടരുകയാണ്. ഇന്ത്യയിലെ ലുലുമാളുകളിലേക്ക് എത്തുന്ന എല്ലാ ഉപഭോക്താക്കൾക്കും ഫൺട്യൂറ ആപ്പ് വഴി പ്രി ബുക്കിങ്ങ് സാധിക്കും. ലുലു ഫൺട്യൂറയിൽ നടക്കുന്ന വിനോദ പരിപാടികൾ, റൈഡുകളിലേക്കുള്ള ബുക്കിങ്ങ് , റിച്ചാർജിങ്ങ് എന്നിവ ഫൺട്യൂറ ആപ്പ് വഴി മുൻകൂട്ടി ബുക്ക് ചെയ്യാൻ സാധിക്കുമെന്നാണ് പ്രത്യേക്തയെന്നും ഫൺട്യൂറ ജനറൽ മാനേജർ അംബികാപതി പറഞ്ഞു. ബുക്കിങ്ങ് എളുപ്പമാക്കാൻ ഓൺലൈൻ ആപ്പ് സംവിധാനമെത്തിയതോടെ ഇന്ത്യയിലെ ലുലുമാളുകളിലേക്ക് നേരിട്ടെത്തിയുള്ള ബുക്കിങ്ങ് തിരക്ക് ഒഴിവാക്കാനും കഴിയും. ലുലു ഫൺട്യൂറ ആപ്ലിക്കേഷൻ പ്ലേ സ്റ്റോറിലും, ആപ്പിൾ സ്റ്റോറിലൂടേയും ഡൗൺലോഡ് ചെയ്യാൻ സാധിക്കും. ചടങ്ങിൽ ലുലു റീജണൽ മാനേജർ സാദിഖ് കാസിം, ലുലു ഗ്രൂപ്പ് ഇന്ത്യ ഐ ടി ഹെഡ് അനിൽമേനോൻ, ലുലുഗ്രൂപ്പ് ഫൺട്യൂറ ജനറൽ മാനേജർ അബികാപതി, മുഹമ്മദ് യൂനസ്, നികിൻ ജോസഫ് എന്നിവർ പ്രസംഗിച്ചു.

# ചർമ്മസംരക്ഷണത്തിനുള്ള ഉത്പന്നങ്ങൾ പുറത്തിറക്കി ഐടിസി ഡെർമാഫിക്




**കൊച്ചി :** ഇന്ത്യക്കാരുടെ ചർമ്മത്തിന് അനുയോജ്യമായ പുതിയ ഉത്പന്ന നിര പുറത്തിറക്കി ഐടിസി ഡെർമാഫിക്. ഡെർമാഫിക് ഡിപിഗ്മെന്റ് സെറം, അക്വാ ക്ലൗഡ് സെറം, ഡെർമാഫിക് ആക്നെ അവെർട്ട് ക്ലെൻസിംഗ് മൂസ്, ഡെർമാഫിക് പോർ മിനിമൈസിംഗ് ടോണർ, ഡെർമാഫിക് സൺ ഡിഫൻസ് എന്നീ ഉത്പന്നങ്ങളാണ് പുറത്തിറക്കിയത്. ഇന്ത്യക്കാരുടെ ചർമ്മത്തിന്റെ സവിശേഷതകൾ ഉൾപ്പെടുത്തികൊണ്ട് ഇന്ത്യൻ ചർമ്മ ആരോഗ്യ റിപ്പോർട്ട് ഐടിസി ഡെർമാഫിക് പുറത്തിറക്കിയിരുന്നു. ഇന്ത്യക്കാരുടെ ചർമ്മം മറ്റ് വംശങ്ങളിൽ നിന്ന് വ്യത്യസ്തമായതിനാൽ ചർമ്മത്തിൽ പിഗ്മെന്റേഷൻ സാധ്യത കൂടുതലാണെന്നും വരണ്ടതായിരിക്കാനുള്ള സാധ്യത കൂടുതലാണെന്നും റിപ്പോർട്ടിൽ പറയുന്നു. ഇന്ത്യയുടെ പല ഭാഗത്തു നിന്നായി 800 സ്ത്രീകളിലാണ് ദ ഡെർമാഫിക് ഇന്ത്യൻ സ്കിൻ ഹെൽത്ത് റിപ്പോർട്ടിനായുള്ള കാന്റാർ സർവേയിൽ പങ്കെടുത്തത്. ഡെർമാഫിക് ഇന്ത്യൻ സ്കിൻ നോളജ് സെന്റർ എന്ന സ്ഥാപനം ഐടിസി ഡെർമാഫിക് ആരംഭിച്ചു.

ഇന്ത്യൻ ചർമ്മം വളരെ സവിശേഷമാണെന്നും അതിനുവേണ്ടി സവിശേഷം തയ്യാറാക്കിയ പരിഹാരമാർഗ്ഗങ്ങൾ ആവശ്യമാണെന്നും ഐടിസി ലിമിറ്റഡിലെ പേഴ്സണൽ കെയർ പ്രോഡക്ട്സ് ബിസിനസ് ഡിവിഷണൽ ചീഫ് എക്സിക്യൂട്ടീവ് സമീർ സത്പതി പറഞ്ഞു.




# മൂന്നാമത് സിഎക്സ്ഒ മീറ്റ് സമാപിച്ചു

**കൊച്ചി:**ബിസിനസ് കറസ്പോണ്ടന്റ് ഫെഡറേഷൻ ഓഫ് ഇന്ത്യ (ബിസിഎഫ്ഐ) യുമായി സഹകരിച്ച് ഗ്രാമീൺ ഫൗണ്ടേഷൻ ഫോർ സോഷ്യൽ ഇംപാക്റ്റ് (ജിഎഫ്എസ്ഐ) സംഘടിപ്പിച്ച മൂന്നാമത് സിഎക്സ്ഒ മീറ്റ് ഗോവയിൽ സമാപിച്ചു. അസിസ്റ്റഡ് ഡിജിറ്റൽ ഫിനാൻസിന്റെ ഭാവി ആസൂത്രണം ചെയ്യുന്നതിനായി സംഘടിപ്പിച്ച മീറ്റിൽ ഫിൻടെക്, ബാങ്കിംഗ് തുടങ്ങിയ മേഖലകളിൽ നിന്നുള്ള വിദഗ്ധർ പങ്കെടുത്തു. രണ്ട് ദിവസങ്ങളിലായി നടന്ന മീറ്റിൽ വിവിധ വിഷയങ്ങളിലുള്ള ചർച്ചകൾ, ക്ലാസുകൾ, ഇന്ററാക്ടീവ് ഫോറങ്ങൾ എന്നിവ നടന്നു.

നിർമിത ബുദ്ധിയെക്കുറിച്ചുള്ള ക്ലാസിൽ ഏജന്റ് നെറ്റ്വർക്കുകളിലെ ബിസിനസ്സ് ഫലങ്ങളുമായി നിർമിത ബുദ്ധിയും ഡിസൈൻ പ്രക്രിയയും എങ്ങനെ സംയോജിപ്പിക്കാമെന്ന് വ്യക്തമാക്കി.

സിഎക്സ്ഒ മീറ്റ് 2025 വിജ്ഞാന കൈമാറ്റത്തിനുള്ള ഒരു പ്ലാറ്റ്ഫോം എന്നതിലുപരി മാറ്റത്തിനുള്ള പ്രചോദനമായി പരിണമിച്ചതായി സംഘാടകർ അറിയിച്ചു. ഓപ്പൺ ഫോറത്തിൽ ഉൽപ്പന്ന ബണ്ട്ലിംഗ്, വ്യാപാര ഏറ്റെടുക്കൽ, പുതിയ സേവന ലൈനുകൾ എന്നിവ ചർച്ച ചെയ്തു.

വിവിധ സംഘടനകളെ പ്രതിനിധീകരിച്ച് സെഷനുകളിൽ രാഹുൽ ദുബെ, സൗരഭ് സിംഗ്, നന്ദിത ശർമ്മ, സായി സുധ ചന്ദ്രശേഖരൻ, സുനിൽ കുൽക്കർണി, ഭാരതി ജോഷി തുടങ്ങിയവർ പങ്കെടുത്തു.






RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com